പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത</u>
ചോദ്യം നമ്പർ: 1553

03-10-2011-ൽ മറുപടിയ്ക്ക്

<u>മഞ്ചേശ്വരത്ത് മത്സ്യബന്ധനതുറമുഖം</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
| --- | --- |
| ശ്രീ. പി.ബി.അബ്ദുൽ റസാക് | ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| എ) കേരളാതിർത്തിയായ മഞ്ചേശ്വരത്ത് മത്സ്യബന്ധന തുറമുഖം നിർമ്മിക്കണമെന്ന ദീർഘകാല ആവശ്യം സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | എ) കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരത്ത് ഒരു മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്നതിനുള്ള അന്വേഷണഗവേഷണം, മാതൃകാപഠനം, പരിസ്ഥിതി പഠനം എന്നിവ പൂർത്തീകരിച്ചു. കടലിൽ ബോറിംഗ് പ്രവൃത്തി ഉടനെ നടപ്പിലാക്കുന്നതാണ്. പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. |
| ബി) പ്രസ്തുത തുറമുഖം നിർമ്മിക്കുന്നതിന് ആവശ്യമായ സെസ്സിൽ നിന്നുമുള്ള സി.ആർ.ഇസഡ് സ്റ്റാറ്റസ് റിപ്പോർട്ട്, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ സമ്മതപത്രം, ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പിൽ നിന്നും സി.ആർ.ഇസഡ്. ക്ലിയറൻസ് എന്നിവ ലഭ്യമായിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ; | ബി) സെസ്സ് - ൽ നിന്നും സി.ആർ.ഇസഡ് സ്റ്റാറ്റസ് റിപ്പോർട്ട് ലഭിക്കാനായി അപേക്ഷിക്കുകയും അതിനുള്ള ഫീസ് ഒടുക്കുകയും ചെയ്തു. രണ്ടുമാസത്തിനകം റിപ്പോർട്ട് ലഭിക്കുമെന്നാണ് സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് അറിയിച്ചിട്ടുള്ളത്. സംസ്ഥാന മലിനീകരണ ബോർഡിൽ നിന്നും സമ്മതപത്രം ലഭിക്കാനായി നിശ്ചിത ഫീസ് ഒടുക്കുകയും അവരുടെ പരിശോധന കഴിയുകയും ചെയ്തു. സമ്മതപത്രം പ്രതീക്ഷിക്കുന്നു. സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്, കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ് എന്നിവിടങ്ങളിൽ നിന്നും റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പിന്റെ ശുപാർശയോടെ കേന്ദ്ര പരിസ്ഥിതി വകുപ്പിൽ പരിസ്ഥിതി ക്ലിയറൻസിനായി അപേക്ഷിക്കുന്നതാണ്. |
| സി) പ്രസ്തുത തുറമുഖ പദ്ധതിക്ക് കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെ അംഗീകാരം ഏറ്റവും വേഗത്തിൽ ലഭ്യമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ ; | സി) സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്, കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ് എന്നിവരിൽ നിന്നും റിപ്പോർട്ടുകൾക്കായി നിരന്തരമായി ആവശ്യപ്പെട്ടു വരുന്നു. റിപ്പോർട്ടുകൾ കിട്ടിയാലുടനെ സംസ്ഥാന പരിസ്ഥിതി വകുപ്പിൽ സമർപ്പിക്കുന്നതും അവരുടെ ശുപാർശ ലഭിക്കുന്ന മുറയ്ക്ക് കേന്ദ്ര പരിസ്ഥിതി വകുപ്പിൽ നിന്നും പരിസ്ഥിതി ക്ലിയറൻസിനായി അപേക്ഷിക്കുന്നതുമാണ്. |
| ഡി. സമയബന്ധിതമായി പ്രസ്തുത തുറമുഖത്തിന് അംഗീകാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ? | ഡി. സമയബന്ധിതമായി നടപടി സ്വീകരിച്ചു വരുന്നു. |

(ഒപ്പ്)
സെക്ഷൻ ഓഫീസർ